പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **3009** **21. 06. 2013**- ലെ മറുപടി

പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. പി. എ. മാധവൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നോർക്ക ഡിപ്പാർട്ട്മെന്റിന്റെ പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;<br><br>(ബി) എന്തെല്ലാം സവിശേഷതകളാണ് പദ്ധതിക്കുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം; | (എ & ബി) തിരികെയെത്തിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് മൂലധന സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുകയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ ലക്ഷ്യം. പ്രവാസി പുനരധിവാസ പദ്ധതി കെ.എഫ്.സി, എസ്.ബി.റ്റി. , കെ. എസ്. എഫ്. ഇ., കെ. എസ്. ഐ. ഡി. സി., എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) ഈ പദ്ധതിക്ക് അർഹരായവർ ആരൊക്കെയാണ്; വിശദമാക്കാമോ; | (സി) വിദേശത്ത് ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും ജോലി/താമസിച്ച് സ്ഥിരമായി മടങ്ങിയെത്തിയ പ്രവാസികൾ. കൂടാതെ ഇത്തരം പ്രവാസികൾ മാത്രം പങ്കാളികളായി ആരംഭിക്കുന്ന കമ്പനികൾ, സൊസൈറ്റികൾ തുടങ്ങിയവ. |
| (ഡി) ഏതെല്ലാം മേഖലകൾക്കാണ് പദ്ധതി വഴി സഹായം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) **കാർഷിക വ്യവസായങ്ങൾ** (ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ), മത്സ്യകൃഷി ( ഉൾനാടൻ മത്സ്യം വളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ), പാലിനുവേണ്ടിയുള്ളകാലി വളർത്തൽ. |

ഭക്ഷ്യോൽപ്പാദന നിർമ്മാണം, സംയോജിത കൃഷി, ഫാം ടൂറിസം, ആടുവളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ.

**കച്ചവടം** (പൊതു വ്യാപാരം – വാങ്ങുകയും വിൽക്കുകയും തുടങ്ങിയ).

**സേവനങ്ങൾ** (റിപ്പയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ).

**ഉല്പാദനം** – ചെറുകിട –ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറി ഉല്പന്നങ്ങൾ, ഫർണിച്ചറും തടി വ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ).

(ഇ)എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി വഴി നൽകുന്നത് ; വിശദമാക്കുമോ ?

(ഇ) പരമാവധി 20 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് പരമാവധി 10% മൂലധന സബ്സിഡിയാണ് നൽകാൻ തീരുമാനമായിട്ടുള്ളത്. വായ്പ നൽകുന്ന ധനകാര്യ സ്ഥാപനം മുഖേന 'ബാക്ക് എന്റ് ' സബ്സിഡിയായിട്ടാണ് ആനുകൂല്യം സംരംഭകന് വിതരണം ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ